## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2450**

**18.06.2014** ൽ മറുപടിക്ക്

### നദീസംരക്ഷണ അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) മലിനീകരണവും കയ്യേറ്റവും അനിയന്ത്രിതമായ മണൽവാരലും കാരണം സംസ്ഥാനത്ത് പുഴകൾ നശിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) ജലസ്രോതസ്സുകളിലേയ്ക്ക് വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, കെട്ടിടങ്ങൾ തുടങ്ങിയവിടങ്ങളിൽ നിന്നും ഒഴുക്കി വിടുന്ന പാഴ്ജലം ശുദ്ധീകരിച്ച ശേഷം ഒഴുക്കി വിടുന്നത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് അടച്ച് പൂട്ടൽ ഉത്തരവ് നൽകുകയും ചെയ്യുന്നു. നദീതീരങ്ങളിൽ താമസിക്കുന്നവർ നിക്ഷേപി ക്കുന്ന മാലിന്യങ്ങളും വ്യവസായ സ്ഥാപനങ്ങൾ മുഖേനയുള്ള മാലിന്യങ്ങളും നദികളിൽ എത്തിച്ചേരുന്നത് തടയുന്നതിനായി നഗര പ്രദേശങ്ങളിൽ ഫെൻസിംഗ് നടത്തുക, മാലിന്യങ്ങൾ കെട്ടിനിൽക്കുന്നത് ഒഴിവാക്കി നീരൊഴുക്ക് സുഗമമാക്കുക തുടങ്ങിയ പ്രവർത്തികൾ ത്രിതല പഞ്ചായത്തുകളുമായും നഗരസഭകളുമായും ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ നദികളിലേക്ക് ഓരുവെള്ളം കയറി നദികൾ മലിനപ്പെടാതിരിക്കാൻ റെഗുലേറ്ററുകളും തടയണകളും ഓരുമുട്ടുകളും നിർമ്മിക്കാറുണ്ട്.<br><br>മണൽവാരൽ മൂലം നദികളുടെ അടിത്തട്ടിൽ ഉണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുമായി തടയണകൾ നിർമ്മിച്ചു വരുന്നു. നദീതീരങ്ങളിൽ, കൈയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇവ കൂടാതെ, നദീതീര സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചന വകുപ്പ് എന്നിവയെ ഏകോപിപ്പിച്ച് ഒരു നദീസംരക്ഷണ അതോറിറ്റി രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് സ്റ്റേറ്റ് റിവർ & വെറ്റ്ലാൻഡ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്മെന്റ് ബോർഡ് എന്നിവ രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ അമെൻഡ്മെന്റ് ബിൽ 2013 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ ഇവയെല്ലാം രൂപീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ